**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3715** **02-03-2023 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; ജില്ലയിലെ ഇവയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ മൃഗസംരക്ഷണവകുപ്പിന് കീഴിൽ 3 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>മൃഗചികിത്സാ സംവിധാനങ്ങൾ വീട്ടിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലയിൽ മൂന്നു മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പറിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത കോൾസെന്റർ സംവിധാനത്തിലൂടെയാണ് പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവർ ഓരോ യൂണിറ്റിലും ഉണ്ടാകും. ചെറുതും വലുതുമായ ശസ്ത്രക്രിയകൾ, കൃത്രിമബീജാധാനം, മിനിലാബ്, കൌലിഫ്റ്റർ, കാഫ് പുള്ളർ, അത്യാവശ്യ മരുന്നുകൾ എന്നീ സൗകര്യങ്ങളുണ്ട്. പ്രാരംഭഘട്ടത്തിൽ ഉച്ചയ്ക്ക് ഒരു മണി മുതൽ രാത്രി 8 മണി വരെയാണ് സേവനം ലഭിക്കുക. വാതിൽപ്പടി സേവനത്തിന് കന്നുകാലിയ്ക്ക് 450/- രൂപ, ഓമനമൃഗത്തിന് 950/- രൂപ, ഒരേ വീട്ടിലെ കന്നുകാലി, ഓമനമൃഗം ഒന്നിച്ചു ചികിത്സയ്ക്ക് 950/- രൂപ എന്നിങ്ങനെ സർക്കാർ നിരക്കിൽ കർഷകർ ഗൂഗിൾ പേ മെഷീൻ വഴി തുക നൽകണം. കൃത്രിമ ബീജാധാനത്തിന് 50/- രൂപ അധികം നൽകണം. |
| (ബി) | ജില്ലയിൽ ഏതൊക്കെ വെറ്ററിനറി ആശുപത്രികളിലാണ് വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ബ്ലോക്ക് അടിസ്ഥാനത്തിലാണ് മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിൽ വെറ്ററിനറി പോളിക്ലിനിക്ക് കട്ടപ്പനയിലും, ദേവികുളം ബ്ലോക്കിൽ വെറ്ററിനറി പോളിക്ലിനിക്ക് മൂന്നാറിലും, അഴുത ബ്ലോക്കിൽ വെറ്ററിനറി ഡിസ്പെൻസറി |

| | | | |
|---|---|---|---|
| | | | വണ്ടിപ്പെരിയാറിലും പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.<br><br>വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവർ ഓരോ യൂണിറ്റിലും ഉണ്ടാകും. ചെറുതും വലുതുമായ ശസ്ത്രക്രിയകൾ, കൃത്രിമബീജാധാനം, കാഫ് പുള്ളർ, അത്യാവശ്യ മരുന്നുകൾ എന്നീ സൗകര്യങ്ങളുണ്ട്. പ്രാരംഭഘട്ടത്തിൽ ഉച്ചയ്ക്ക് ഒരു മണി മുതൽ രാത്രി 8 മണി വരെയാണ് സേവനം ലഭിക്കുക. |

സെക്ഷൻ ഓഫീസർ